**മധുരമായ കുട്ടികളേ- ശിവബാബ നിഷ്കാമിയായ നമ്പർവൺ സൂക്ഷിപ്പുകാരനാണ്, ബാബക്ക് നിങ്ങളുടെ പഴയ എല്ലാ സാധന സാമഗ്രികളും കൈമാറ്റം ചെയ്യൂ, എങ്കിൽ സത്യയുഗത്തിൽ നിങ്ങൾക്ക് എല്ലാം പുതിയത് ലഭിക്കും**

**ചോദ്യം** : ബാബയ്ക്ക് ഏതു കുട്ടികളെ ഓരോ കാര്യത്തിനും സംരക്ഷിക്കേണ്ടിയിരിക്കുന്നു?
**ഉത്തരം** : ആരാണോ നിശ്ചയബുദ്ധിയായി മാറി തന്റെ സർവ്വവിവരങ്ങളും ബാബയെ അറിയിക്കുന്നത്, ബാബയിൽ നിന്ന് ഓരോ ചുവടിലും നിർദ്ദേശമെടുക്കുന്നത്- അങ്ങനെയുള്ള കുട്ടികളുടെ മേൽ ബാബയ്ക്ക് വളരെ ശ്രദ്ധയുണ്ട്. ബാബ പറയുന്നു- മധുരമായ കുട്ടികളെ, ഒരിക്കലും ശ്രീമതത്തിൽ സംശയം വരരുത്. സംശയത്തിൽ വന്നാൽ മായ വളരെ നഷ്ടം വരുത്തിവെക്കും. നിങ്ങളെ യോഗ്യരാകാനനുവദിക്കുകയില്ല.

**ഗീതം:** വാതിൽക്കൽ വന്നിരിക്കുകയാണ്.

**ഓം ശാന്തി.** മധുരമധുരമായ കളഞ്ഞുപോയി തിരികെ കിട്ടിയ കുട്ടികൾ പാട്ടുകേട്ടു. കുട്ടികളെന്നു പറയുന്നത് അവരെയാണ്, ആരാണോ ബാബയുടേതായി മാറുന്നത്. ബാബ മനസിലാക്കിത്തന്നിട്ടുണ്ട്-ഇത് അന്തിമ മർജീവാജന്മമാണ്. ജീവിച്ചിരിക്കെ ബാബയുടേതായി മാറണം. ഇത് കുട്ടികൾ മനസിലാക്കുന്നുണ്ട്. ശ്രീമതം വളരെ പ്രശസ്തമാണ്. ശ്രീമദ്ഭഗവാനുവാചാ. ആ ഗീതയിൽ കൃഷ്ണന്റെ പേരിട്ടിരിക്കുകയാണ്. എന്നാൽ ആദ്യം ശിവബാബ, പിന്നീട് ബ്രഹ്മാ, പിന്നെ കൃഷ്ണൻ ആണ്. അതുകൊണ്ട് ശ്രീമതം കൃഷ്ണന്റെ എന്നു പറയില്ല. കൃഷ്ണൻ ദൈവികഗുണമുള്ള മനുഷ്യനാണ്. മനുഷ്യനെ പതീതപാവനനെന്നു പറയില്ല. പതീതരെ പാവനമാക്കുന്നവൻ ഒരേയൊരു ബാബയാണ്. ബാബയുടെ ശ്രീമതപ്രകാരമാണ് നിങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. നിരാകാരപരമപിതാപരമാത്മാവ് എല്ലാ ധർമ്മത്തിൽ പെട്ടവരുടെയും അച്ഛനാണ്. കൃഷ്ണനെ എല്ലാവരും അംഗീകരിക്കുകയില്ല. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അച്ഛനായി അംഗീകരിക്കുന്നു, കൃഷ്ണനെയല്ല. കാരണം ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മുഖവംശാവലികളാണ്.

ശിവബാബ വന്ന് നിങ്ങളെ തന്റേതാക്കി മാറ്റുന്നു. പറയുന്നു-ശിരസ് ഉള്ളംകൈയിൽ വെച്ച് ബാബയുടേതായിരിക്കുന്നു- ബാബയുടെ നിർദേശപ്രകാരം നടക്കുന്നതിനു വേണ്ടി. കുട്ടികൾ ബാബയ്ക്കു മതം നൽകേണ്ട ആവശ്യമില്ല. ബാബ സ്വയം മതം നൽകുന്നവനാണ്. എന്തുകൊണ്ട് ഇവർ ഇങ്ങനെ പറയുന്നു? അത് ശരിയല്ല. ഇല്ല, ഇവരെല്ലാവരും കുട്ടികളാണ്. ശിവബാബ പ്രസിദ്ധമാണ്. ബാബ എന്തു മതം നൽകുന്നുവോ എന്തു ചെയ്യുന്നുവോ ശരിയായിരിക്കും. ഈ സാകാരത്തെ കൊണ്ടും (ബ്രഹ്മാവ്) എന്തു ചെയ്യിപ്പിക്കുന്നുവോ അതും ശരിതന്നെയായിരിക്കും. കാരണം ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. അദ്ദേഹത്തിനും ഇന്നതു ചെയ്യൂ എന്ന് ശിവബാബയാണ് മതം നൽകുന്നത്. നിങ്ങളുടെ കണക്ഷൻ ശിവബാബയുമായിട്ടാണ്. ആരുടെയും അവഗുണങ്ങൾ കാണരുത്, ശ്രീമതപ്രകാരം നടക്കണം. ശിവബാബയാണെങ്കിൽ നിരാകാരനാണ്, സാക്ഷി. ബാബക്ക് ഇവിടെ വീടേയില്ല. നിങ്ങളും ഇവിടെ അന്യന്റെ വീട്ടിലാണിരിക്കുന്നത്. പിന്നീട് സ്വർഗത്തിൽ പോയി സ്വന്തം വീട്ടിലിരിക്കുന്നു. ശിവബാബ പറയുന്നു- ഞാനുണ്ടാകുകയില്ല. ഞാൻ അൽപസമയത്തിനു വേണ്ടി സംഗമത്തിലാണ് വരുന്നത്. നിങ്ങൾ സത്യം സത്യമായ മുക്തിസേനയാണ്. സുപ്രീം ബാബ നിർദേശം നൽകിക്കൊണ്ടിരിക്കുകയാണ്, കൽപം മുമ്പത്തെ പോലെ . കൽപം മുമ്പെ എന്തു നിർദേശം നൽകിയിട്ടുണ്ടായിരിക്കും അതുതന്നെയാണ് ഇപ്പോഴും നൽകുക. രാവും പകലും ഗഹനത്തിലും ഗഹനമായ കാര്യങ്ങൾ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. പുതിയവർക്ക് ഒന്നും മനസിലാക്കാൻ കഴിയുകയില്ല. കറാച്ചി മുതൽ മുരളി പറഞ്ഞുവരികയാണ്. മുമ്പെ ബാബ മുരളി പറഞ്ഞിരുന്നില്ല. രാത്രി രണ്ടു മണിക്കെഴുന്നേറ്റ് 10-15 പേജ് എഴുതിയിരുന്നു, ശിവബാബ എഴുതിപ്പിക്കുകയായിരുന്നു, പിന്നീട് അതിന്റെ കോപ്പികളെടുത്തിരുന്നു. ഭക്തിമാർഗത്തിൽ വലിയ വലിയ പുസ്തകങ്ങളുണ്ടാക്കുന്നു. അത് എടുത്തുവെക്കുന്നു. നിങ്ങൾ എത്ര എടുത്തുവെക്കും. കാരണം ഇതെല്ലാം നശിക്കാൻ പോകുകയാണ്. ചിത്രങ്ങളെല്ലാം കുറച്ച് സമയത്തേക്ക് വേണ്ടിയുള്ളതാണ്. അതെല്ലാം പിന്നെ കേടു വരും. അവിടെ പുരാണങ്ങളുമുണ്ടാകില്ല, ചിത്രങ്ങളുമുണ്ടാകില്ല. പിന്നെ എന്തെല്ലാമാണോ നടന്നുകൊണ്ടിരിക്കുന്നത്, കൽപത്തിനു ശേഷം വീണ്ടുമുണ്ടാകും. പുരാണങ്ങൾ മുതലായവ ദ്വാപരയുഗത്തിൽ തുടങ്ങി. ബാബ മനസിലാക്കിത്തരികയാണ്- ഇതു കൊണ്ടൊന്നും പരംധാമിലേക്കുള്ള വഴി ലഭിക്കുകയില്ല. ഗ്രന്ഥം മുന്നെ വളരെ ചെറുതായിരുന്നു. ഓരോ ദിവസം ചെല്ലുന്തോറും വലുതാക്കി ഉണ്ടാക്കുകയാണ്. വാസ്തവത്തിൽ ശിവബാബയുടെ ജീവിതകഥയാണ് വലുതാക്കി ഉണ്ടാക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ബാബയുടെ ജീവിതകഥ അറിയാം.

ബാബ പറഞ്ഞുതരുന്നു– ഞാൻ ഭക്തിമാർഗത്തിൽ എന്തെല്ലാമാണ് ചെയ്യുന്നത്. ഭക്തിമാർഗത്തിലും ഇൻഷ്വറൻസ് ചെയ്യുന്നു. ഈശ്വരാർത്ഥം മനുഷ്യർ ദാനം ചെയ്യുന്നു. പറയാറുണ്ടല്ലോ–ഇന്നയാൾ ഈശ്വരാർത്ഥം ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് സമ്പന്നകുടുംബത്തിൽ ജന്മം ലഭിച്ചിരിക്കുന്നത്. ഭക്തിയിൽ ധർമാത്മാക്കൾ അനേകമുണ്ട്. ബാബ പറയുന്നു–ഞാൻ കുട്ടികൾക്ക് അടുത്ത ജന്മത്തിൽ ഇതിന്റെ പകരമായി അൽപകാല ഫലം നൽകി വരുന്നു. നല്ലതും ചീത്തയുമായ ഫലങ്ങൾ ലഭിക്കുന്നുണ്ടാകുമല്ലോ. എത്ര വലിയ ഇൻഷ്വറൻസാണ്. ആര് എങ്ങനെ കർമം ചെയ്യുന്നുവോ അതിനനുസരിച്ച് ഫലവും ലഭിക്കുന്നു. മായ തലതിരിഞ്ഞ കർമം ചെയ്യിക്കുന്നു. അതുകൊണ്ട് നിങ്ങൾ ദു:ഖമനുഭവിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങൾക്ക് ഇങ്ങനെയുള്ള കർമം പഠിപ്പിക്കുന്നു–തത്ഫലമായി നിങ്ങൾക്ക് പിന്നീടൊരിക്കലും ദു:ഖിക്കേണ്ടി വരില്ല. അവിടെ മായയും വരുകയില്ല. അതുകൊണ്ട് സ്വയത്തെ ഇൻഷ്വർ ചെയ്യൂ.

ശിവബാബ നമ്പർവൺ ട്രസ്റ്റിയാണ്. മറ്റുള്ളവർക്കാണെങ്കിൽ അത്യാഗ്രഹമുണ്ടാകും. ചില ട്രസ്റ്റിമാർ സമ്പത്തു തന്നെ നശിപ്പിച്ചുകളയുന്നു. നോക്കൂ, ശിവബാബ എങ്ങനെയുള്ള ട്രസ്റ്റിയാണ്. പറയുന്നു– ഇതെല്ലാം കുട്ടികൾക്കു വേണ്ടിയാണ്. നിങ്ങളുടെ മുഴുവൻ കണക്കും ശിവബാബയുമായിട്ടാണ്. ബാബ പറയുന്നു– ഞാൻ സത്യമായ ട്രസ്റ്റിയാണ്. ഞാൻ സ്വയം യാതൊരു സുഖവുമെടുക്കുന്നില്ല. മുഴുവൻ രാജധാനിയും കുട്ടികൾക്ക് നൽകുന്നു. ഈ ബാബ പറയുന്നു– ഞാൻ പൂർണമായും ഇൻഷ്വർ ചെയ്തിരിക്കയാണ്. ശരീരം, മനസ്, ധനം എല്ലാം ബാബയുടെ സേവനത്തിലാണ്. സിന്ധിയിൽ ഒരു പഴമൊഴിയുണ്ട്. ആരുടെ കൈകളാണോ ദാതാവിനു സമാനം , അവർ ഒന്നാം നമ്പറിൽ വരുന്നു. രണ്ടു പിടി നൽകിയാൽ കൊട്ടാരം ലഭിക്കുന്നു. നോക്കൂ–ഇപ്പോൾ കെട്ടിടവും ഉണ്ടാക്കപ്പെട്ടുവല്ലോ. ചിലർ ഒരു രൂപ അയച്ചു. എന്റെ വകയായി ഒരിഷ്ടിക വെക്കൂ.... ഹേയ്, നിങ്ങൾക്ക് ഏറ്റവും നല്ല കൊട്ടാരം ലഭിക്കും. കാരണം നിങ്ങൾ ദരിദ്രരാണ്, ഞാനും ദരിദ്രരുടെ കൂടെ വസിക്കുന്നവനാണ്. ദരിദ്രരുടെ ഒരു രൂപ സമ്പന്നരുടെ പതിനായിരത്തിന് സമാനമാണ്. രണ്ടു പേർക്കും ഒരു പദവിയായിരിക്കും ലഭിക്കുക. സമ്പന്നർ വളരെ കുറച്ചു മാത്രമേ ബാബയുടെ പക്കൽ വരുന്നുള്ളൂ. കന്യകമാർ എല്ലാവരെക്കാളും ഫ്രീ ആയി ഇരിക്കുന്നവരാണ്. നോക്കൂ , മമ്മ നമ്പർവൺ ആയി പോയി. ബാബ എല്ലാം നൽകി. എന്നാലും ആദ്യം ലക്ഷ്മി, പിന്നെയാണ് നാരായണൻ. എത്ര അത്ഭുതകരമായ നാടകമാണ്.

ഒരിക്കലും ഒരു കാര്യത്തിലും സംശയമുണ്ടാവരുത്. ഒട്ടും തന്നെ സംശയം കൊണ്ടു വരരുത്. വളരെ മധുരമുള്ളവരായിരിക്കണം. ഓരോ ചുവടിലും ശ്രീമതമെടുക്കണം. അല്ലെങ്കിൽ മായ വളരെ നഷ്ടം വരുത്തിവെപ്പിക്കും. എത്ര കുട്ടികൾക്കാണ് നിർദേശം നൽകേണ്ടിവരുന്നത്. ബാബ പറയുകയാണ്–മുഴുവൻ വിവരങ്ങളും എഴുതി അറിയിക്കൂ. ബാബ എല്ലാ വിധത്തിലുമുള്ള സംരക്ഷണം നൽകും. ബാബയ്ക്ക് വളരെയധികം ചിന്തകൾ വരാറുണ്ട്. എങ്ങനെയെങ്കിലും ഈ കുട്ടി പഠിച്ച് ഉയരട്ടെ. പഠനത്തിൽ പൂർണമായും ശ്രദ്ധ കൊടുക്കണം. നിങ്ങൾ അതിസ്നേഹിയായ ഈശ്വരീയ വിദ്യാർത്ഥികളാണ്. ഭഗവാനുവാചയും പാടപ്പെട്ടിട്ടുണ്ട്–പക്ഷേ കൃഷ്ണന്റെ പേരിട്ടിരിക്കുകയാണ്. കൃഷ്ണനും എല്ലാ മനുഷ്യരെക്കാളും ശ്രേഷ്ഠനാണ്. ഒന്നാം നമ്പർ ശ്രീകൃഷ്ണനാണ് കൊടുത്തിരിക്കുന്നത്. എന്തുകൊണ്ട് നാരായണനല്ല? കൃഷ്ണൻ ചെറിയ കുട്ടിയാണ്. സതോപ്രധാനം. പിന്നീട് യുവ, വൃദ്ധ അവസ്ഥ വരുന്നു. ബാലകർ ബ്രഹ്മജ്ഞാനിക്കു സമാനമാണെന്നാണ് പറയാറ്. കുട്ടികളിൽ നിന്ന് തെറ്റു സംഭവിക്കാറില്ല. കൃഷ്ണന്റെയും ജന്മദിനം ആഘോഷിക്കുന്നു. കൃഷ്ണനെ ദ്വാപരയുഗത്തിലേക്ക് കൊണ്ടുപോയിരിക്കുകയാണ്. ഇതെല്ലാം ബാബയാണ് പറഞ്ഞുമനസിലാക്കിത്തരുന്നത്.

ഈ സമയത്ത് നിങ്ങൾ ബ്രാഹ്മണരാണ് ഉത്തമരായിട്ടുള്ളവർ. നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്. സത്യയുഗത്തിൽ ഈശ്വരീയ സന്താനങ്ങളെന്ന് പറയുകയില്ല. ഈശ്വരനിൽ നിന്ന് സ്വർഗത്തിന്റെ സമ്പത്തിന്റെ പ്രാപ്തിയുണ്ടായിരിക്കും. ഇത് നിങ്ങളുടെ അതിദുർലഭവും അമൂല്യവുമായ ജീവിതമാണ്. എല്ലാവരുടെയും അങ്ങനെയാകുകയില്ല. ഈ ഡ്രാമ അങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ആരാണോ കൽപം മുമ്പു പഠിച്ചിരുന്നത് അവരാണ് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഭഗവാൻ തീർച്ചയായും ഭഗവാന്മാരെയും ഭഗവതിമാരെയുമായിരിക്കും രചിച്ചിരിക്കുക. പക്ഷേ അവരെ നമുക്ക് ഭഗവാൻ ഭഗവതി എന്ന് പറയാൻ കഴിയില്ല. കാരണം ഈശ്വരൻ ഒന്നേയുള്ളൂ. മഹിമയെല്ലാം ആ നിരാകാരന്റേതാണ്. സാകാരിക്ക് എന്തു മഹിമയുണ്ടാകാനാണ്. ലക്ഷ്മി–നാരായണനെ നിരാകാരനാണ് അങ്ങനെയാക്കിയത്. നിങ്ങളും ബാബയിലൂടെ സ്വർഗത്തിന്റെ അധികാരികളായിക്കൊണ്ടിരിക്കുകയാണ്. രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഗീതയിൽ തീർച്ചയായും രാജയോഗമുണ്ട്. എപ്പോഴാണോ രാജ്യം സ്ഥാപിച്ചിരുന്നത് അപ്പോൾ വിനാശവും നടന്നിരുന്നു. ഇപ്പോൾ സംഗമമാണ്. ശിവബാബ വന്ന് നാടകം പൂർത്തിയാക്കുന്നു. പിന്നീട് കൃഷ്ണന്റെ ജന്മമുണ്ടാകുന്നു. ഭക്തിമാർഗത്തിൽ വളരെ വലിയ വലിയ ക്ഷേത്രങ്ങൾ നിർമിക്കുന്നു. ആ

ക്ഷേത്രങ്ങളിൽ അനേകകോടികളുടെ സമ്പത്തുണ്ടായിരുന്നു. ഇപ്പോൾ എല്ലാം ലോപിച്ചുപോയി. ഭക്തി മാർഗത്തിലെ പുരാണങ്ങൾ പഠിച്ചുപഠിച്ച് യാത്ര ചെയ്തു ചെയ്ത് ക്ഷേത്രങ്ങൾ ഉണ്ടാക്കിയുണ്ടാക്കി, ചിലവുകൾ ചെയ്ത്ചെയ്ത് ഭാരതം ദരിദ്രമായി മാറി.

ഇപ്പോൾ നിങ്ങൾ മാസ്റ്റർ ജ്ഞാനസാഗരനെപ്പോലെ ആയിരിക്കുകയാണ്. ബാബ ജ്ഞാനസാഗരൻ, ആനന്ദസാഗരൻ, ബ്ലിസ്ഫുൾ ആണ്. ഇതെല്ലാം ബാബയുടെ മഹിമയാണ്. ബാബ പറയുന്നു-ഭാരതമാണ് ഏറ്റവും ശ്രേഷ്ഠമായ തീർഥസ്ഥാനം. പക്ഷേ കൃഷ്ണന്റെ പേരിടുക കാരണം എല്ലാ പേരും കളഞ്ഞു. അല്ലെങ്കിൽ എല്ലാവരും ശിവനു മുന്നിൽ പുഷ്പങ്ങളർപ്പിക്കുമായിരുന്നു. എല്ലാവരുടെയും സദ്ഗതിദാതാവ് ഒരേയൊരു ബാബയാണ്. അരകൽപം നിങ്ങൾ പ്രാലബ്ദമെടുത്ത് താഴോട്ടിറങ്ങി. എല്ലാവർക്കും തമോപ്രധാനമാകുക തന്നെ വേണം. ഇപ്പോൾ ബാബ പറയുകയാണ്-നിങ്ങളുടെ പക്കൽ എന്താണുള്ളത്, എല്ലാം തരികയാണെങ്കിൽ സത്യയുഗത്തിലേക്ക് ട്രാൻസ്ഫറാക്കിത്തരാം. ഞാൻ സ്വയം ഒന്നും എടുക്കുന്നില്ല. മനുഷ്യരാണെങ്കിൽ തങ്ങൾക്കു വേണ്ടി ചെയ്യുന്നു. പിന്നെ പറയുന്നു-ഞാൻ നിഷ്കാമത്തോടെയാണ് ചെയ്യുന്നത്. എന്നാൽ നിഷ്കാമമായി ആർക്കും ഒന്നും ചെയ്യാൻ കഴിയുകയില്ല, ഓരോ കർമത്തിനും തീർച്ചയായും അതിന്റെ ഫലമുണ്ട്. ഞാനാണെങ്കിൽ നിങ്ങൾ കുട്ടികൾക്ക് അവിനാശി ജ്ഞാനരത്നങ്ങൾ നൽകുന്നു. നിങ്ങൾക്കു വേണ്ടിയാണ് സ്വർഗം കൊണ്ടുവരുന്നത്. കുട്ടികൾക്ക് സ്വരാജ്യത്തിന്റെ സൗഭാഗ്യം നൽകുന്നു. എങ്കിൽ അതു വാങ്ങിക്കാൻ യോഗ്യരായി മാറണം. സ്വർഗത്തിന്റെ അധികാരിയായി മാറണം. കൈവെള്ളയിൽ സ്വർഗം ലഭിക്കുന്നു. സെക്കന്റിൽ ജീവിതമുക്തി അതായത് സെക്കന്റിൽ രാജ്യപദവി. ദിവ്യദൃഷ്ടിദാതാവ് ശിവബാബയാണ്. സെക്കന്റിൽ വൈകുണ്ഠത്തിലേക്ക് കൊണ്ടുപോകുന്നു. ഈ സാകാരബാബയുടെ പക്കൽ ചാവിയില്ല. ബാബ പറയുന്നു-ഞാനാണ് നിങ്ങൾ കുട്ടികൾക്ക് രാജ്യഭാഗ്യം നൽകുന്നത്. ഞാൻ രാജ്യത്തിൽ വരുന്നില്ല. പിന്നീട് നിങ്ങൾ ഭക്തിമാർഗത്തിൽ പോകുമ്പോൾ നിങ്ങളെ ദിവ്യദൃഷ്ടി കൊണ്ട് സന്തോഷിപ്പിക്കുന്നു. എത്ര നല്ല രീതിയിലാണ് ബാബ പറഞ്ഞുതരുന്നത്.

ബാബ കൽപകൽപം , കൽപസംഗമത്തിൽ ഒരേയൊരു പ്രാവശ്യം മാത്രമാണ് വരുന്നത്. ബാക്കി മനുഷ്യർ കാണിച്ചിരിക്കുന്ന ഇത്രയും അവതാരങ്ങളെല്ലാം പൊങ്ങച്ചങ്ങളാണ്. ഈ പുരാണങ്ങളെല്ലാം ഭക്തിമാർഗത്തിലെയാണ്. അതുണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാണ്. ഇപ്പോൾ ഒന്നും ഉണ്ടാക്കാനില്ല. എന്തെല്ലാം നടക്കുന്നുവോ എല്ലാം ഡ്രാമയിലുള്ളതാണ്. ഇതെല്ലാം സാക്ഷിയായി കാണൂ. ബാബ വളരെ നല്ല രീതിയിൽ മനസിലാക്കിത്തരുന്നു-കുട്ടികളെ, ഞാൻ നിങ്ങളുടെ ഇൻഷുറൻസ് പ്രമുഖനാണ്. നിങ്ങളുടെ ഒരു പൈസ പോലും നശിപ്പിക്കുന്നില്ല. കക്കയിൽ നിന്ന് നിങ്ങളെ വജ്രതുല്യമാക്കുന്നു. ഇതെല്ലാം ശിവബാബയാണ് ചെയ്യുന്നത്- ഈ ബ്രഹ്മാവിലൂടെ. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും ബാബയാണ്. നിരാകാരനും നിരഹങ്കാരിയുമാണ്. ഗോഡ്ഫാദർ എങ്ങനെയിരുന്നാണ് പഠിപ്പിക്കുന്നത്. കാൽക്കൽ വീഴാനൊന്നും പറയുന്നില്ല. ബാബ അനുസരണയുള്ള സേവകനാണ്. ബാബ പറയുന്നു-ആരെയാണോ അധികാരിയാക്കി മാറ്റുന്നത് അദ്ദേഹം ആദ്യം വളരെ സുഖമനുഭവിക്കുന്നു. ഇപ്പോൾ ദു:ഖിതരായിരിക്കുകയാണ്. വളരെയധികം സുഖവും ലഭിക്കുന്നു. വേറെയൊരു ധർമത്തിനും ഇത്രയുമധികം സുഖം ലഭിക്കുന്നില്ല. എന്നാൽ ഇങ്ങനെ പറയാൻ കഴിയുകയില്ല. എന്തുകൊണ്ടാണ് ഭാരതവാസികൾക്ക് ഇത്രയുമധികം സുഖം? മറ്റുള്ളവരെന്തു തെറ്റു ചെയ്തു? ഇത്രയും മനുഷ്യരുണ്ടല്ലോ. എല്ലാവർക്കും സ്വർഗത്തിൽ വരാൻ കഴിയില്ലല്ലോ. ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ഭാരതത്തിൽ തന്നെയാണ് ആ സനാതന ദേവീദേവതാധർമമുണ്ടായിരുന്നത്. ഭഗവാൻ വന്ന് സത്യമായ രാജയോഗം പഠിപ്പിച്ചിരുന്നു. ബാബ പറയുന്നു-ഞാൻ വീണ്ടും വന്നിരിക്കുകയാണ്. നിങ്ങൾ 84 ജന്മങ്ങളുടെ പാർട്ടഭിനയിച്ചു. ഇപ്പോൾ വീണ്ടും വീട്ടിലേക്ക് തിരിച്ചുപോകുകയാണ്. ഇതു വളരെ പഴയ ശരീരമായിരിക്കുകയാണ്; സർപ്പത്തിനെപ്പോലെ . സന്യാസിമാർ പറയുന്നു-ആത്മാവ് പരമാത്മാവിൽ ലയിച്ചുചേരുന്നു. അങ്ങനെയുള്ള അവസ്ഥയിൽ ഇരുന്നിരുന്ന് ശരീരം വിടുന്നു. എന്നാൽ ബ്രഹ്മത്തിൽ ആരും ലയിച്ചുചേരുന്നില്ല. പക്ഷേ അവരിലും വളരെ ശക്തിശാലികളായ ചിലരുണ്ട്. ശാന്തിയിലിരുന്ന് ശരീരത്തെ ത്യജിക്കുന്നു. ബ്രഹ്മമാണെങ്കിൽ ബാബയല്ല. ഇത് ആ പാവങ്ങളുടെ ഭ്രമമാണ്. ഏതു പോലെ ഹിന്ദുക്കൾക്ക് ഈ ഭ്രമം-നാം ഹിന്ദുധർമത്തിൽ പെട്ടവരാണെന്ന്. ഹേയ്, ഹിന്ദുധർമം എവിടെ നിന്നാണ് വന്നത്? അത് ഹിന്ദുസ്ഥാനിന്റെ പേരാണ്. സത്യയുഗത്തിൽ ഒരേയൊരു ധർമം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ നോക്കൂ-എത്ര ധർമങ്ങളാണ്! എത്ര ഭാഷകളാണ്! അവിടെയാണെങ്കിൽ ഭാഷയും ഒന്നേ ഉണ്ടായിരിക്കുകയുള്ളൂ. ഇവിടെ പറയുന്നു-ഒരു ഗവൺമെന്റായിരിക്കണം. പക്ഷേ എങ്ങനെ എല്ലാ ഗവൺമെന്റുകളും ഒന്നായിരിക്കും? സാഹോദര്യവും മനസിലാക്കുന്നില്ല. സർവവ്യാപിയെന്നു പറയുന്നു, എങ്കിൽ എല്ലാവരും അച്ഛനായി, പിന്നെ സ്വയം ഫാദറാണ് എന്ന് പറഞ്ഞ് ആരെ വിളിക്കാനാണ്. ഇത് മനസിലാക്കേണ്ട കാര്യമാണ്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1. ആരുടെയും അവഗുണങ്ങൾ കാണരുത്. ഒരു ശിവബാബയുമായി കണക്ഷൻ വെച്ച് ബാബയിൽ നിന്ന് ലഭിക്കുന്ന ശ്രീമതത്തെ ശരിയെന്നു മനസിലാക്കി അതു പ്രകാരം നടന്നുകൊണ്ടിരിക്കണം. ശ്രീമതത്തിൽ ഒരിക്കലും സംശയം ഉയരരുത്.

2. തന്റെ ശരീരം ,മനസ്, ധനം എന്നിവ പൂർണമായി ഇൻഷ്വർ ചെയ്യണം. ഓരോ ചുവടിലും ശ്രീമതമെടുക്കണം. പഠനത്തിൽ പൂർണശ്രദ്ധ നൽകണം.

## വരദാനം– സംസ്കാരത്തെ ഇല്ലാതാക്കുന്നതിലും ചേർച്ചയുണ്ടാക്കുന്നതിലും സദാ തയ്യാറായിരിക്കുന്ന ആത്മീയ സേവാധാരിയായി ഭവിക്കട്ടെ.

സ്ഥൂലസേവനത്തിൽ സദാ തയ്യാറായിരിക്കുന്ന പോലെ എവിടെയാണോ വിളി വരുന്നത് അവിടെ എത്തിച്ചേരുന്നു, ഇങ്ങനെ മനസാ സേവനത്തിലും എന്തു സങ്കൽപം ധാരണ ചെയ്യണമോ അതിലും എവർറെഡിയായിരിക്കൂ. എന്തു ചിന്തിക്കുന്നുവോ അതേ സമയം അതു ചെയ്യൂ. ആത്മീയസേവാധാരി കുട്ടികൾ ആത്മീയ സംബന്ധവും സമ്പർക്കവും നിറവേറ്റുന്നതിൽ എവർറെഡി. അവർക്ക് സംസ്കാരം ഇല്ലാതാക്കാനും സംസ്കാരം ചേർക്കാനും സമയമെടുക്കുകയില്ല. എങ്ങനെയാണോ ബാബയുടെ സംസ്കാരം അങ്ങനെ താങ്കളുടെയും സംസ്കാരമാകണം. ഈ സംസ്കാരം യോജിപ്പിക്കൽ വലുതിലും വലിയ രഹസ്യമാണ്.

## സ്ലോഗൻ– പവിത്രതയുടെ രാജകീയതയുടെ അനുഭവം ചെയ്യുക, ചെയ്യിക്കുക തന്നെയാണ് റോയൽ ആത്മാവിന്റെ ലക്ഷണം